LIBRARY ARCHIVES Kerala Legislative Assembly

കൂടൽമാണിക്യം ക്ഷേത്രത്തെ ടൂറിസം മാപ്പിൽ ഉൾപ്പെടുത്താൻ നടപടി

98(306) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ക്ഷേത്രങ്ങൾ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തെ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ ടൂറിസം മാപ്പിൽ ക്ഷേത്രങ്ങളുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ മാപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തെ കുറിച്ചുള്ള വിവരങ്ങൾ ടൂറിസം വകുപ്പ് പരിഷ്കരിച്ച് പുതുതായി പുറത്തിറക്കുന്ന ജില്ലാ ബ്രോഷറിലും കേരളാ കമ്പനിയനിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടൂറിസം മാപ്പിൽ 'കൂടൽ മാണിക്യം' എന്ന സ്ഥലവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ

99(307) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇവയിൽ സ്ഥിര ജീവനക്കാരുടേയും താത്ക്കാലിക ജീവനക്കാരുടേയും എണ്ണം വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ ഉടമസ്ഥതയിൽ എത്ര ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ലോകത്തിലെ പ്രധാനപ്പെട്ട 5 ലിങ്ക് ലാഗ്വേജുകളിൽ ഇൻഫർമേഷൻ നൽകാൻ നമുക്ക് കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ അത്തരം സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ടൂറിസം വകുപ്പിന്റെ കീഴിൽ നിലവിൽ 12 ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ ഉണ്ട്. ഇവയിൽ 14 സ്ഥിരം ജീവനക്കാർ ഉണ്ട്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക ജീവനക്കാരെ ആരെയും ടൂറിസം ഇൻഫർമേഷൻ സെന്ററുകളിൽ നിയോഗിച്ചിട്ടില്ല. എന്നാൽ കിറ്റ്സ് മുഖാന്തിരം ഒരു വർഷ കാലയളവിൽ 6-1-2010-ലെ സ.ഉ.(സാധാ) 148/10/

ടൂറിസം ഉത്തരവുപ്രകാരം ഇൻഫർമേഷൻ അസിസ്റ്റന്റ് ട്രെയിനികളെ നിയമിച്ചു വരുന്നുണ്ട്.

(ബി) സ്വകാര്യ ഉടമസ്ഥതയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന ടൂറിസം ഇൻഫർമേഷൻ സെന്ററുകളുടെ വിവരം ടൂറിസം വകുപ്പിൽ ലഭ്യമല്ല.

(സി) ലോകത്തിലെ പ്രധാനപ്പെട്ട 5 ലിങ്ക് ലാംഗേജുകളിൽ (ഇംഗ്ലീഷ്, സ്പാനിഷ്, ജർമ്മൻ, ഫ്രഞ്ച്, ചൈനീസ്) കേരളാ ഫോൾഡർ എന്ന ബ്രോഷർ അച്ചടിച്ച് ടൂറിസ്റ്റുകൾക്കായി വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ കേരളാ ടൂറിസത്തിന്റെ വെബ് സൈറ്റ് ഈ ലാംഗേജുകളിലും ലഭ്യമാണ്.

ഏനാമാക്കൽ നെഹ്റുപാർക്ക് നിർമ്മാണം

100(308)ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏനാമാക്കൽ നെഹ്റു പാർക്ക് നിർമ്മാണത്തിൽ കാല താമസമുണ്ടായതുമായി ബന്ധപ്പെട്ട് ഡി.റ്റി.പി.സി.-യിൽ നിന്നും വിശദീകരണം ലഭിച്ചുവോ ;

(ബി) പാർക്കു നിർമ്മാണത്തിനുള്ള ശേഷിക്കുന്ന ഫണ്ട് അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ :

(സി) നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇടക്കാല മറുപടി ലഭിച്ചിട്ടുണ്ട്.കൂടുതൽ വ്യക്തമായ വിശദീകരണം ഡി.റ്റി.പി.സി.-യോട് ടൂറിസം ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം പൂർത്തീയാക്കുന്നതാണ്.

കാസർഗോഡ് ഗസ്റ്റ് ഹൗസിന് അഡീഷണൽ ബ്ലോക്ക് നിർമ്മിക്കാൻ നടപടി

101(309) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസറഗോഡ് സർക്കാർ ഗസ്റ്റ് ഹൗസിന് ഇപ്പോൾ എത്രമുറികളുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിൽ വി.ഐ.പി., ഓർഡിനറി റൂമുകൾ എത്ര :

LIBRARY ARCHIVES Kerala Legislative Assembly